**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റില്ലം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുത്തോലി, മീനച്ചിൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുറ്റില്ലം പാലം നിർമ്മാണം എന്ന പ്രോജക്റ്റിന് എൻ. ഓ. സി. ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് അപേക്ഷ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റില്ലം പാലം നിർമ്മാണം എന്ന പ്രോജക്റ്റിന് എൻ.ഒ.സി. ലഭിക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അപേക്ഷ അപൂർണ്ണമായിരുന്നതിനാൽ എൻ.ഒ.സി. നൽകുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കോട്ടയം ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് 03.04.2024ന് കത്ത് നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം കോട്ടയം എം.ഐ. ഡിവിഷനിൽ നിന്നും തദ്ദേശസ്വയംഭരണ കാര്യാലയത്തിലേക്ക് രേഖകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പിന്റെ മറുപടി 03.10.2024ന് കോട്ടയം മൈനർ ഇറിഗേഷൻ ഡിവിഷനിൽ ലഭ്യമായിട്ടുണ്ട്. രേഖകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പാലത്തിന് എം. എൽ. എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക സാങ്കേതികമായി അനുയോജ്യം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഫണ്ടിൽ നിന്ന് തുക അനുവദിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റില്ലം പാലം നിർമ്മാണം എന്ന പ്രോജക്റ്റിന് എൻ.ഒ.സി. ലഭിക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അപേക്ഷ അപൂർണ്ണമായിരുന്നതിനാൽ എൻ.ഒ.സി. നൽകുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കോട്ടയം ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് 03.04.2024ന് കത്ത് നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം കോട്ടയം എം.ഐ. ഡിവിഷനിൽ നിന്നും തദ്ദേശസ്വയംഭരണ കാര്യാലയത്തിലേക്ക് രേഖകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പിന്റെ മറുപടി 03.10.2024ന് കോട്ടയം മൈനർ ഇറിഗേഷൻ |

| | | | |
|---|---|---|---|
| | | | ഡിവിഷനിൽ ലഭ്യമായിട്ടുണ്ട്. രേഖകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പാലം നിർമ്മാണത്തിന് എൻ. ഓ. സി. നൽകിയിട്ടില്ലെങ്കിൽ സമാന സാഹചര്യമുള്ള എത്ര പാലത്തിന് എൻ. ഓ. സി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളുടെ അർഹത പരിശോധിച്ച ശേഷമാണ് എൻ.ഒ.സി നൽകുന്നത്. |

സെക്ഷൻ ഓഫീസർ